64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി......................
പ്രോഗ്രാം കമ്മിറ്റി

**Item Code:** 643 **Participant Code:** 031

# നിർമ്മിത ബുദ്ധി; സർഗ്ഗാത്മകതയോ, സംഹാരമോ?

സമസ്ത മേഖലകളിലും നിർമ്മിത ബുദ്ധിയുടെ തായ്‌വേര് മുളപൊട്ടി പടുവൃക്ഷമായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. ഉത്തരാധുനിക ലോകത്തെ മുന്നോട്ട് ചലിപ്പിക്കുന്നത് മനുഷ്യ നിർമ്മിതിയായ നിർമ്മിത ബുദ്ധിയാണ്. ജീവനുള്ള മനുഷ്യരൂപത്തെപോലും നിഷ്പ്രയാസം മെനഞ്ഞെടുക്കാൻ കഴിവുള്ള നിർമ്മിത ബുദ്ധിയുടെ ലോകമാണ് ഇന്നുള്ളത്.

കാളവണ്ടിയുഗത്തിൽ നിന്നും ക്വാണ്ടം യുഗത്തിലേക്ക് മനുഷ്യൻ കാലെടുത്തുവെച്ചിരിക്കുകയാണ്. ജീവിതമാകുന്ന ബൈക്കിൻ സവാരിയെ നിയന്ത്രിക്കുന്നത് മനുഷ്യരല്ല നേരെമറിച്ച് നിർമ്മിത ബുദ്ധിയാണ്. മനുഷ്യരുടെ സർഗ്ഗാത്മകമായ കഴിവിനെ പുതിയൊരു അർത്ഥതലത്തിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ മനുഷ്യന്റെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്ന നിർമ്മിത ബുദ്ധിയുടെ ആഗമനം കൊണ്ട് മാത്രമാണ്. ആകാശത്തിലെ പക്ഷികളെ പോലെ ചിറകടിച്ച് പറക്കു-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വാനും , അനന്തമായ സാഗരത്തിൽ ഒരു മത്സ്യ-ത്തെപോലെ നീന്തിതുടിക്കുവാനും ഇന്ന് കഴി-യുന്നുണ്ട്. സർവ്വജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കി നിർത്തുന്നത് മനുഷ്യരുടെ ബുദ്ധിയും, സാമർത്ഥ്യം നിറഞ്ഞ പെരുമാറ്റ രീതി കൊണ്ട് മാത്രമാണ്. ഇങ്ങനെ മനുഷ്യർ നൽകുന്ന സന്ദേശത്തിനനുസരിച്ച് നിർമ്മിത ബുദ്ധി പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുന്നു.

ഗൂഗിൾ മുതൽ ഗൂഗിൾ മാപ്പും, മെറ്റാ എ.ഐ മുതൽ ചാറ്റ് ജി.പി.റ്റിയും , ജെമി-നിയും മനുഷ്യരുടെ സർഗ്ഗാത്മകതയെ ആഴമായി ബാധിച്ചിരിക്കുന്നുണ്ട്. ഡ്രൈവറില്ലാതെ ബസ്സും പൈലറ്റില്ലാതെ വിമാനവും ഓടാൻ തുടങ്ങി-യിരിക്കുന്നു. ഇതിന്റെ പിന്നിലും നിർമ്മിത ബുദ്ധിയുടെ കരങ്ങളാണ്. ഭാവിയെ വരെ പ്രവചിക്കുവാൻ കഴിവുള്ള നിർമ്മിത ബുദ്ധി ലോകത്തെ മുഴുവൻ ഒരു വ്യാധിയെപോലെ പിടിക്കൂടിയിരിക്കുകയാണ്.

1876-ൽ അലക്സാണ്ടർ ഗ്രഹാം ബെൽ കണ്ടുപിടിച്ച ടെലിഫോണിൽ നിന്നും -

കേരള സ്കൂൾ കലോത്സവം ... പ്രോഗ്രാം കമ്മിറ്റി

Item Code: 643 Participant Code: 031

ആപ്പിളിന്റെ വിവിധ രൂപങ്ങളിലൂള്ള കംപ്യൂട്ടറും, മൊബൈൽ ഫോണും മനുഷ്യകരങ്ങളിലേക്ക് ഓടിയെത്തിയിരിക്കുന്നു. ശവസംസ്കാര വേളകളി-ൽ പോലും ഇത്തരം കണ്ടുപിടിത്തങ്ങളുടെ ഫലമായി തത്സമയ സംപ്രേഷണ പരിപാടികൾ മരണത്തെപോലും ഒരു തരംഗമായി മുന്നോട്ട് കൊണ്ടുപോകുന്നു. സർവ്വവും മനുഷ്യരുടെ വിരൽതുമ്പിൽ ഒതുങ്ങിക്കൂടി. "പി. എൻ. ഗോപീകൃഷ്ണന്റെ" പ്രസിദ്ധമായ 'ഇടിക്കാലൂരി പന-മ്പട്ടടി' എന്നതിൽ 'അന്നന്നത്തെ മോക്ഷം'- എന്ന ചെറുകഥയിൽ നിർമ്മിതബുദ്ധിയുടെ സ്വാധീനം മനുഷ്യരിൽ വരുത്തിയ മാറ്റങ്ങ-ളെ വിവരിക്കുന്നു.

നിർമ്മിതബുദ്ധി മനുഷ്യരുടെ ഇടയിൽ അനേകം ഗുണങ്ങളെ സൃഷ്ടിച്ചു-ണ്ടാക്കുന്നുണ്ട്. ലോകമെമ്പാടും ഉള്ള എല്ലാവ-രെയും ഒരു മാലമുത്തിൽ കോർത്ത പോലെ ഒരു കുടക്കീഴിൽ മുന്നോട്ട് നീക്കുന്നു. വിദൂ-രത്തും, ദൂരത്തും, സാഗരങ്ങളേഴും കടന്ന് വിശാലമായ ആകാശവിതാനത്തിന്റെ മടിത്തട്ടിലൂടെ അന്യരാജ്യങ്ങളിലും, ഭൂഖണ്ഡ-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ങ്ങളിലുമായി സ്ഥിതിചെയ്യുന്നവരുമായി സംഭാഷണം നടത്താൻ പോലും നമുക്ക് കഴിയുന്നുണ്ട്. കരയേതാണ്, കടലേതാണെന്നറിയാൻ കഴിയാത്ത ഒരു നിമിഷമാണ് സമുദ്രത്തിലൂടെ നമ്മൾ നീങ്ങുമ്പോൾ എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ലോകം മുഴുവൻ കപ്പലിലൂടെ 'ക്യാപ്റ്റൻ അഭിലാഷ് ടോമിക്ക്' സഞ്ചരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നിർമ്മിതബുദ്ധിയുടെ സർഗ്ഗാത്മകതയാണ്.

മനുഷ്യർക്ക് ചിന്തിക്കാൻ പോലും കഴിയാത്ത പല വികസനങ്ങളും ദിനംതോറും വർധിച്ചിരിക്കുകയാണ്. ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ 'നീലാംസ്ട്രോങ്ങ്' പറഞ്ഞു:

"ഇത് മനുഷ്യന്റെ ചെറിയ കാൽവെപ്പ് മനുഷ്യരാശിക്ക് വലിയൊരു കുതിച്ചുചാട്ടം"

നിർമ്മിത ബുദ്ധിയുടെ ഇടപെടുപ്പോടുകൂടി ഇത് പൂർണ അർത്ഥത്തിൽ എത്തിയിരിക്കുന്നു. നവമാധ്യമങ്ങളിലൂടെ കണ്ടതാണ് കേവലം ചുരുങ്ങിയ ദിവങ്ങൾക്കുവേണ്ടി മാത്രം ബഹിരാകാശത്ത് പോയ 'സുനിതാ വില്യംസും, ബുച്ച് വിൽമോറും' മാസങ്ങൾ ബഹിരാകാശത്ത് കഴിയുകയും, തിരികെ-

പസഫിക് സമുദ്രത്തിൽ പതിച്ചപ്പോൾ അവിടെ നിന്നും കരയിൽ എത്തിക്കാൻ കഴിഞ്ഞു. ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രനിലേക്ക് മൂന്ന് ചാന്ദ്രയാൻ ദൗത്യങ്ങൾ ഇന്ത്യ വിജയകരമായി പൂർത്തീകരിച്ചു. ഉഷ്മരശ്മികളാൽ നേരെ നോക്കാൻ പോലും കഴിയാൻ പറ്റാത്ത സൂര്യനിലേക്കും വിവിധ ദൗത്യങ്ങളെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നിർമ്മിത ബുദ്ധി മനുഷ്യരിലെ സർഗ്ഗാത്മകമായ കഴിവിനെ വികസിപ്പിച്ചെടുത്തത് കൊണ്ടാണ്.

മനുഷ്യന്റെ ഏതൊരു ചോദ്യത്തിനും നിർമ്മിത ബുദ്ധിയുടെ കൈകളിൽ ഉത്തരമുണ്ട്. ഇനി എന്ത് ചെയ്യണം? എന്ന് തുടങ്ങി മനുഷ്യരെ ആശയക്കുഴപ്പത്തിലാക്കുന്ന നിരവധി ചോദ്യത്തിന് ഒരു സുഹൃത്തിനെ പോലെ ഉത്തരം നൽകുവാൻ നിർമ്മിത ബുദ്ധിക്ക് കഴിയുന്നുണ്ട്. തീപൊരിയിൽ നിന്നും നിർമ്മിത ബുദ്ധിയുടെ ലോകത്ത് മനുഷ്യർ എത്തിയതിനു പിന്നിൽ മനുഷ്യന്റെ സർഗ്ഗാത്മകതയെ വേണ്ടരീതിയിൽ വികസിപ്പിച്ചെടുക്കാൻ കഴിവുള്ള നിർമ്മിത ബുദ്ധി അരികിൽ ഉള്ളതു കൊണ്ടാണ്. മനുഷ്യരിൽ നിന്നും ഉത്ഭവിക്കുന്ന ചിന്തകളെയും, ആശയങ്ങളെയും ചുരുങ്ങിയ-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തിരുത്തി....................
പ്രോഗ്രാം കമ്മിറ്റി

സമയത്തിനുള്ളിൽ അവലോകനം ചെയ്ത് അതിനു-
വേണ്ട നടപടികളെ കൈക്കൊള്ളാൻ നിർമ്മിത
ബുദ്ധിയ്ക്ക് കഴിയുന്നു.

വിനാശകരമായ പല രോഗങ്ങളെ-
യും തുടച്ചുനീക്കാൻ കഴിയുന്നത് നിർമ്മിത
ബുദ്ധിയുടെ സഹായം കൊണ്ട് മാത്രമാണ്.
കേരളക്കരയെ മുഴുവൻ കരയിപ്പിച്ച തീരാനോവാ-
യിരുന്നു വയനാട് ചൂരൽമലയിലുണ്ടായ ഉരുൾ
പൊട്ടലും, ലോറി ഡ്രൈവറായിരുന്ന അർജുൻ
കർണാടകയിലെ ഗംഗാവാലിപ്പുഴയിലേക്ക് വീണതും.
എങ്കിലും നിർമ്മിതബുദ്ധിയുടെ സഹായത്തോടെ
ചേതനയറ്റ ശരീരമാണെങ്കിലും അവ കണ്ടെത്താ-
ൻ കഴിഞ്ഞു. കാണാതെപോയ ഒരു കുഞ്ഞിനെ
ആ കുഞ്ഞ് കണ്ട് യൂട്യൂബ് വീഡിയയിലൂടെ-
ആ കുഞ്ഞിനെ കണ്ടുപിടിച്ചതിൽ നിന്നും-
നിർമ്മിതബുദ്ധിയുടെ വളർച്ച മനസിലാക്കാൻ
കഴിയുന്നതാണ്. ജന്മസിദ്ധമായി മനുഷ്യരിലുള്ള
സർഗ്ഗാത്മകതയെ വിവിധ പരിശീലനങ്ങളിലൂടെ
വികസിപ്പിച്ചെടുക്കുവാൻ കഴിയുന്നു. ഇതിന്
മകുടോദാഹരണമാണ് ഏഷ്യയിലെ തന്നെ
ഏറ്റവും വലിയ കൗമാര കലോത്സവമായ കേരള

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സ്കൂൾ കലോത്സവം 2026 പുത്തൻ നിറവിലേക്ക് നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ ഉയർത്തപ്പെട്ടിരിക്കുന്നു.

പലകാരണങ്ങളാൽ സ്വന്തം കഴിവുകളെ വളർത്താൻ കഴിയാത്തവരെ നിർമ്മിത ബുദ്ധിയിലൂടെ മറ്റൊരു മേച്ചിൽപുറത്തേക്ക് എത്തിക്കുന്നു. പ്രാചീന യുഗങ്ങളിൽ വിവരങ്ങൾ അന്വേഷിച്ചറിയുന്നതിന് പല പുസ്തകങ്ങളും, യാത്രകളും നടത്തേണ്ട ആവശ്യം ഉണ്ടായിരുന്നു, എന്നാൽ ഇന്ന് അത് ആവശ്യമില്ല. നമ്മൾ നൽകുന്ന ചെറിയ ടെപ്പിലൂടെ വിശദമായ ഉത്തരങ്ങൾ ലഭിക്കുന്നു. യാത്രകൾ സുഖകരമാക്കാൻ ടിക്കറ്റുകൾ നേർത്തെത്തന്നെ ഓൺലൈനായി ബുക്ക് ചെയ്യുന്നു. പണമിടപാടുകൾപോലും മൊബൈൽ ഫോണിലൂടെയായിരിക്കുന്നു.

വിസ്തൃതമായ മറ്റൊരു ലോകവിതാനത്തെ തീർത്തുകൊണ്ടിരിക്കുകയാണ് നിർമ്മിത ബുദ്ധി. നിർമ്മിതബുദ്ധിയുടെ സർഗ്ഗാത്മകത എന്ത്? എന്തൊക്കെയാണ് അവയുടെ ഗുണ സവിശേഷതകൾ തുടങ്ങിയ അനേകം ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ മനുഷ്യരുടെ നിത്യജീവിത-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ത്തിലൂടെ കടന്നുപോകുന്നുണ്ട്. യഥാർത്ഥത്തിൽ നിർമ്മിത ബുദ്ധി സർഗ്ഗാത്മകതയോ, സംഹാരമോ?

1). വിദ്യാഭ്യാസം

"ഈ ലോകത്തെ മാറ്റിമറിക്കാൻ കഴിവുള്ള ഏറ്റവും വലിയൊരും ആയുധമാണ് വിദ്യാഭ്യാസം" എന്നാണ് പ്രശസ്ത ചിന്തകൻ നെൽസൺ മണ്ടേല പറഞ്ഞത്. കുട്ടികളിൽ വിദ്യാഭ്യാസത്തെ എത്തിക്കുന്നതിൽ ഒരു മാധ്യമമായി പ്രവർത്തിക്കുകയാണ് നിർമ്മിത ബുദ്ധി.

2). വായന

"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"

വായന അന്യമായികൊണ്ടിരിക്കുന്ന യുവതലമുറയിൽ ഇ-റീഡിംഗിലൂടെ വായനയുടെ ലോകത്തിലേക്ക് കൊണ്ടെത്തിക്കുവാൻ നിർമ്മിതബുദ്ധിക്ക് കഴിയുന്നു. അതിലൂടെ കാണുന്ന ദൃശ്യ-ശ്രാവ്യങ്ങളിലൂടെ വായനയോടൊപ്പം അറിവും വർധിപ്പിക്കുന്നുണ്ട്. അനേകം സാധ്യതകളെ

ഇതിലൂടെ തുറന്നുകിട്ടുന്നു.

3). സർഗ്ഗാത്മകമായ കഴിവിനെ അവതരിപ്പിക്കാനുള്ള പ്ലാറ്റ്ഫോം.

നമ്മളിൽ ഉറങ്ങിയിരിക്കുന്ന കഴിവുകളെ ഉണർത്തിയെടുക്കുവാൻ കഴിയുന്ന വേദിയാണ്. പല കണ്ടുപിടിത്തങ്ങളിലൂടെ ആയിര~~ങ്ങളിൽ~~ത്തിൽപരം ~~സ്വ~~ അംഗീകാരങ്ങളും ലഭിക്കുന്നു.

4). പ്രവചനം.

വരാൻ പോകുന്ന പല ദുരന്തങ്ങളെയും വ്യക്തമായി ചൂണ്ടിക്കാട്ടുവാൻ നിർമ്മിത ബുദ്ധിക്ക് കഴിയുന്നുണ്ട്.

5). ശാസ്ത്ര സാങ്കേതിക വളർച്ച.

ശാസ്ത്രവും സാങ്കേതികവിദ്യയും അനുദിനം വളർന്നുവരുമ്പോൾ മനുഷ്യന്റെ യുക്തിചിന്തയും വർധിക്കുന്നു. "നരബലി" എന്ന ലേഖനത്തിൽ ആദ്യം കംപ്യൂട്ടർ എഴുതിനൽകുമ്പോൾ അവസാനം ഒരു മനുഷ്യന്റെ എല്ലാ ഗുണങ്ങളും അവയിൽ നരേശ് എന്ന കഥാപാത്രം കണ്ടെത്തുന്നു.

64-ാമത് കേരള സ്കൂൾ കലോത്സവം
തീയതി....................
പ്രോഗ്രാം കമ്മിറ്റി

നിർമ്മിതബുദ്ധിയുടെ സർഗ്ഗാത്മകത വിദ്യാർത്ഥികളിലും എത്തിക്കണമെന്ന ലക്ഷ്യത്തോടെ ഈ വർഷം മുതൽ സ്കൂൾ പാഠ്യപുസ്തകങ്ങളിൽ റോബോട്ടിക്സ് ഉൾപ്പെടുത്തിയിരിക്കുന്നു. പട്ടിണിയും ദാരിദ്ര്യവും, യുദ്ധവും എങ്ങനെ നേരിടാം - എന്നതിനുള്ള വിപുലമായ ഉത്തരങ്ങൾ നിർമ്മിത ബുദ്ധിയിലൂടെ ലഭിക്കുന്നു.

ഒരു നാണയത്തിന് രണ്ടുവശങ്ങൾ ഉള്ളതുപോലെ നിർമ്മിത ബുദ്ധിയ്ക്ക് ചില ദോഷവശങ്ങളും ഉണ്ട്. "നല്ലതു വിതച്ചാൽ നല്ലതു കൊയ്യാം" എന്നാണല്ലോ? സൂക്ഷിച്ച് ഉപയോഗിച്ചാൽ ഒട്ടനവധി ഗുണങ്ങൾ ലഭിക്കും എന്നാൽ അതിനെ ദുരുപയോഗം ചെയ്താൽ ദോഷഫലങ്ങളും നിർമ്മിത ബുദ്ധി സമ്മാനിക്കുന്നുണ്ട്.

ദിനംപ്രതി മനുഷ്യരുടെ കർണ്ണപടങ്ങളെ വിറപ്പിക്കുന്ന വാർത്തകൾക്ക് ആധുനിക മനുഷ്യൻ സാക്ഷികളായിക്കൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങളും, ആത്മഹത്യകളും കൂടിവരുന്നു. നിർമ്മിതബുദ്ധിയോട് അമിതമായ ഭ്രാന്ത് നിമിത്തം അതിനെ , അനാവശ്യരീതി-

യിൽ മനുഷ്യർ ഉപയോഗിക്കുന്നു. വിദ്യാലയങ്ങ-
ളിലും കോളേജുകളിലും നിർമ്മിത ബുദ്ധി സ്ഥാ-
നം പിടിച്ചതോടെ കുട്ടികൾ അലസരാകുന്നുണ്ട്.
വിദ്യാർത്ഥികൾ അന്തർമുഖരായി തീരുന്നു.
അവരിലെ കഴിവിനെ പൂർണ്ണമായി പ്രയോജന
പ്പെടുത്താൻ തയ്യാറാകുന്നില്ല.

കേൾക്കുകയും, അറിയുകയും ചെയ്യാ-
ത്ത പല സ്ഥലങ്ങളെയും, സംസ്കാരങ്ങളെയും
അറിയുവാനും വിശകലനം ചെയ്യുവാനും കഴിയു-
ന്നത് നിർമ്മിത ബുദ്ധിയുടെ സഹായം മൂലമാണ്.
പക്ഷേ ചിലർ അതിൽ തെറ്റായ നിർദേശങ്ങൾ
നൽകി പല വിപത്തിലേക്കും മനുഷ്യരാശി-
യെ എത്തിക്കുന്നു. സകലവും ഡിജിറ്റൽ സംവി-
ധാനത്തിലേക്ക് രൂപാന്തരപ്പെട്ടിരിക്കുകയാണ്.
ഒരു മനുഷ്യന്റെ കളിത്തൊട്ടിൽ മുതൽ ശവപ്പെ-
ട്ടിവരെയുള്ള യാത്രകൾ നിർമ്മിതബുദ്ധിയുടെ
തലച്ചോറിലാണ് ശേഖരിക്കപ്പെട്ടിരിക്കുന്നത്.
ഹാക്കിംങ് തുടങ്ങിയ അനാരോഗ്യമായ പ്രവർ-
ത്തനങ്ങൾ അനേകം കോട്ടങ്ങളെയും സൃഷ്ടി
ക്കുന്നു. നിർമ്മിതബുദ്ധി മനുഷ്യരുടെ വിനോദ-
ത്തിനും ആകർഷണത്തിനുമായി പുറത്തിറ-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ക്കുന്ന നൂതന ആശയങ്ങളെയും പ്രവർത്തന-
ങ്ങളെയും അനുകരിക്കാൻ ഉള്ള പ്രവണത മനു-
ഷ്യർക്ക് ഉണ്ടാകുന്നു. ഇത് ലഹരിപദാർത്ഥങ്ങ-
ളുടെ ഉപയോഗത്തിലേക്ക് വരെ മനുഷ്യരുടെ
മനസ്സിനെ ക നയിക്കുന്നു.

പ്രാചീനയുഗത്തിന്റെ അന്ധകാരത്തിൽ
നിന്നും പ്രതീക്ഷയുടെ നാൾവെളിച്ചത്തിലേക്ക്
മനുഷ്യരെ നയിക്കുന്ന സ്തംഭമായി നിലകൊള്ളുന്ന
അനന്തമായ ലോകമാണ് അനന്തമായ ലോകമാണ്
നിർമ്മിതബുദ്ധി. മനുഷ്യന്റെ പരിണാമചക്രത്തി
ന്റെ കടിഞ്ഞാണ് നിയന്ത്രിക്കുന്നത് നിർമ്മിത
ബുദ്ധിയാണ്. കരുതലോടെ ഉപയോഗിച്ചാൽ -
ഒട്ടനവധി ഗുണങ്ങളെ ഉത്പാദിപ്പിക്കുവാൻ
ഇതിലൂടെ സാധിക്കുന്നു. മറ്റു സംസ്കാരങ്ങളെ
അറിയുവാനും പഠിക്കുവാനും ഇതിലൂടെ
സാധിക്കുന്നു. ഭ്രാന്താലയമായ കൊച്ചു കേരള-
ത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി തീർക്കു-
ന്നതിൽ നവോത്ഥാന നായകന്മാരോടൊപ്പം
നിർമ്മിത ബുദ്ധിയ്ക്കും പങ്കുണ്ട്. ആശുപത്രി
കളിൽ റോബോട്ടിക് സർജറികൾ ഇന്ന് സജ്ജീ-

വമായി ഇപ്പോൾ ഉണ്ട്. നവീനസാങ്കേതികവിദ്യകളെ കുറിച്ച് വ്യക്തമായ ആശയം നിർമ്മിതബുദ്ധിയിലൂടെ ലഭിക്കുന്നു. പുതിയ ജോലിസാധ്യതകളെ തുറന്നുകിട്ടുന്നു. നിർമ്മിത ബുദ്ധിയുടെ അമിതവളർച്ച പല വിപത്തുകൾ സൃഷ്ടിക്കുന്നു ഉദാഹരണമായി പല ബോംബുകളുടെ ഉപയോഗം. നേരോടെ ഉപയോഗിച്ച് നേരോടെ വളരണം നമ്മൾ. നമ്മുടെ സർഗ്ഗാത്മകതയെ തളർത്താതെ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ വളർത്തണം നമ്മൾ. ~~[illegible]~~ കടമ്മനിട്ട പറഞ്ഞ വരികൾ നമ്മളിൽ ഉണ്ടാകണം

"കണ്ണുവേണമിരുപുറമെപ്പോഴും"

നാളെയുടെ ഉന്നതിയ്ക്കായി ഒരുമയോടെ പ്രവർത്തിക്കാൻ കഴിയണം